പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *171 | 03/05/2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**<u>ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മായം കലർന്ന പാൽ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി**<br>**,, കെ.വി.വിജയദാസ്**<br>**,, ജോർജ് എം. തോമസ്**<br>**,, കാരാട്ട് റസാഖ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ സംസ്ഥാനത്ത് വ്യാപകമായി എത്തുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതു കൂടാതെ ചെക്ക് പോസ്റ്റുകൾ വഴി പാൽ കൊണ്ടു വരുന്ന ടാങ്കർ ലോറികളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാറുണ്ട്. പരിശോധനയിൽ ഗുണനിലവാരം പാലിക്കാത്ത ബ്രാൻഡ് വിതരണം ചെയ്യുന്ന സ്ഥാപനത്തിന്റെ പേരിൽ അഡ്ജൂഡിക്കേഷനും മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ ക്രിമിനൽ കേസും രജിസ്റ്റർ ചെയ്തുവരുന്നു.<br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വേയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | പാലിന്റെ 24 സാമ്പിളുകൾ ശേഖരിച്ച് NABL അക്രഡിറ്റഡ് ലാബുകളിൽ പരിശോധന നടത്തുകയുണ്ടായി. ഇവയെല്ലാം ഗുണനിലവാരം പുലർത്തുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തിൽ 43 പാൽ സാമ്പിളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പരിശോധനയ്ക്കെടുത്തതിൽ 2 സാമ്പിളുകൾ മാത്രമേ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളൂ. എന്നാൽ മനുഷ്യശരീരത്തിന് ഹാനികരമായ യാതൊന്നും ഈ പാലിൽ കണ്ടെത്തിയിട്ടില്ല. |
| സി) | പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആധുനിക ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളെല്ലാം തന്നെ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങൾ ഉള്ളവയാണ്. ഇതിൽ തിരുവനന്തപുരത്തും എറണാകുളത്തുമുള്ള ലാബുകൾക്ക് ദേശീയ അംഗീകാരമായ NABL അക്രഡിറ്റേഷൻ ലഭിച്ചു കഴിഞ്ഞു. കോഴിക്കോട്ടുള്ള ലാബിന് NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br>ഇതു കൂടാതെ ചെക്ക് പോസ്റ്റുകളിൽ വച്ച് തന്നെ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള 2 മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ